**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4885** | **20-07-2022 - ൽ മറുപടിയ്ക്ക്**

**പഠന സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ സി ആർ മഹേഷ്</td><td colspan="2">ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>ദേശീയ പാതാ വികസനവുമായി ബന്ധപ്പെട്ട് സ്കൂളുകൾ പൊളിച്ച് മാറ്റുന്നതിനാൽ കുട്ടികൾക്ക് പഠിക്കുവാൻ പകരം സൗകര്യങ്ങൾ ഏർപെടുത്തിയിട്ടുണ്ടോ; എങ്കിൽ അറിയിക്കാമോ;</td><td>(എ)</td><td>ഉണ്ട്. പൊളിച്ചു മാറ്റാത്ത സ്കൂൾ കെട്ടിടങ്ങളിലേക്ക് ക്ലാസ്സുകൾ മാറ്റി ക്രമീകരിക്കുകയും. താൽക്കാലികമായി ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സമീപമുള്ള സ്കൂളുകളി ലേക്കും ക്ലാസ്സുകൾ ക്രമീകരിച്ചു നൽകി വരുന്നുണ്ട്.</td></tr>
<tr><td>(ബി)</td><td>വിദ്യാഭ്യാസ സ്ഥാപനങ്ങൾ പൊളിക്കുമ്പോൾ കെട്ടിടത്തിന്റെ വിലയായി ലഭിക്കുന്ന തുക ഉപയോഗിച്ച് സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് അനുമതി നൽകുമോ;</td><td>(ബി)</td><td>വിദ്യാഭ്യാസ സ്ഥാപനങ്ങൾ പൊളിക്കുമ്പോൾ കെട്ടിട ത്തിന്റെ വിലയായി ലഭിക്കുന്ന തുക ഉപയോഗിച്ച് സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നത് സംബന്ധിച്ചുള്ള വിഷയം പരിശോധിക്കുന്നതാണ്.</td></tr>
<tr><td>(സി)</td><td>എൻ.എച്ച്. 66 വികസനവുമായി ബന്ധപ്പെട്ട് കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ പൊളിച്ച് മാറ്റേണ്ടി വരുന്ന സ്കൂൾ കെട്ടിടങ്ങൾ എത്രയാണെന്നുള്ള വിവരം പട്ടിക സഹിതം നൽകുമോ?</td><td>(സി)</td><td>എൻ.എച്ച്-66 വികസനവു മായി ബന്ധപ്പെട്ട് കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ പൊളിച്ച് മാറ്റേണ്ടി വരുന്ന സ്കൂൾ<br><br>കെട്ടിടങ്ങളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><th>ക്രമ നം</th><th>സ്കൂൾ</th><th>പൊളിച്ചുമാറ്റുന്ന ക്ലാസ്സ് മുറികളുടെ എണ്ണം</th></tr>
<tr><td>1</td><td>ഗവൺമെന്റ് ബോയ്സ് എച്ച്.എസ് ചവറ</td><td>8</td></tr>
<tr><td>2</td><td>ഗവൺമെന്റ് ബോയ്സ് എച്ച്.എസ് കരുനാഗപ്പള്ളി</td><td>22</td></tr>
<tr><td>3</td><td>ഗവൺമെന്റ് എച്ച്. എസ്.എൻ.ടി.വി സംസ്കൃത യു.പി. എസ് പുന്നക്കുളം</td><td>2</td></tr>
<tr><td>4</td><td>ഗവൺമെന്റ് മുസ്ലീം എൽ.പി.എസ് കരുനാഗപ്പള്ളി</td><td>പാചകപ്പുര</td></tr>
</table>
</td></tr>
</table>

സെക്ഷൻ ഓഫീസർ